*⇨ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിവക്ഷകളിൽ വലിയൊരു മാറ്റം പ്രകടമാകുന്നതു കാണാം ⇨*

**ഇന്ത്യൻ** ജനാധിപത്യത്തിന് ഭീഷണി ഉയർത്തി, ഭരണകൂട ഭീകരത അതിന്റെ എല്ലാ മർദ്ദക സ്വഭാവത്തോടും കൂടി അഴിഞ്ഞാടിയ കാലമായിരുന്നു 1975 ജൂൺ 26ന് പ്രഖ്യാപിക്കപ്പെട്ട അടിയന്തിരാവസ്ഥ കാലഘട്ടം. ഇന്ത്യയിൽ പ്രഖ്യാപിത അടിയന്തിരാവസ്ഥ നടപ്പിലാക്കിയിട്ട് ഏതാണ്ട് നാല് ദശകങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ പ്രഖ്യാപിത അടിയന്തിരാവസ്ഥയെ ജനങ്ങൾ തങ്ങളുടെ എല്ലാ കരുത്തും ഉപയോഗിച്ച് നേരിടുന്നതിൽ വിജയിച്ചുവെങ്കിലും തുടർന്നിങ്ങോട്ടുള്ള നാളുകളിൽ ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയെ കൂടുതൽ കൂടുതൽ ദുർബലവും പരിഹാസ്യവുമാക്കിക്കൊണ്ട് തുടർന്നുപോരുന്ന അപ്രഖ്യാപിത അടിയന്തിരാവസ്ഥയെ തിരിച്ചറിയാനോ അതിനെ ഫലപ്രദമായി നേരിടാനോ ഇന്ത്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ജനങ്ങൾക്കും കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

# കേന്ദ്രീകൃത അധികാരത്തെ ചെറുത്ത തൃണമൂൽ പ്രസ്ഥാനങ്ങൾ

ഇന്ത്യൻ ജനാധിപത്യത്തിലെ അധികാര കേന്ദ്രീകരണത്തെ ദുർബലപ്പെടുത്തുന്നതിൽ രാജ്യമെമ്പാടുമുള്ള തൃണമൂൽ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്നു.

**കെ. സഹദേവൻ**

ഇന്ത്യയിൽ ആദ്യത്തെ പ്രഖ്യാപിത അടിയന്തിരാവസ്ഥ നിലവിൽ വന്ന കാലത്തെക്കുറിച്ച് നമുക്ക് വ്യക്തമായ ബോധ്യമുണ്ടായിരിക്കണം. കേവലം ഇന്ത്യയിലെ ഒരു ഭരണാധികാരിയുടെ സ്വേഛാധിപത്യ സ്വഭാവത്തിൽ നിന്നുടലെടുത്തതാണ് ഇന്ത്യൻ അടിയന്തിരാവസ്ഥ എന്ന് വിലയിരുത്തുന്നത് മൗഢ്യമായിരിക്കും. ലോകമെമ്പാടും അതുവരെ തുടർന്നുവന്ന സാമ്പത്തിക നയങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു പാത സ്വീകരിച്ചുകൊണ്ടിരുന്ന ഒരു കാലത്താണ് ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടത്. ആഗോള സാമ്പത്തിക ശക്തികൾ തങ്ങളുടെ സാമ്പത്തിക നയങ്ങളിൽ വലിയൊരു മാറ്റത്തിന് വിധേയമാക്കിക്കൊണ്ടിരുന്നത് 1970കളുടെ ആരംഭത്തോടെയായിരുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും വിപണി ശക്തികളുടെ സ്വാധീനം ശക്തമാക്കുന്നതരത്തിലുള്ള നയരൂപീകരണങ്ങളായിരുന്നു ആഗോളസാമ്പത്തിക മേലാളന്മാരുടെ ലക്ഷ്യം. പുത്തൻ ഉദാരവത്കരണ സാമ്പത്തിക നയങ്ങൾ ഉദയം കൊള്ളുന്നത് ഇതേ കാലഘട്ടത്തിൽ തന്നെയായിരുന്നു. ഇവിടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിവക്ഷകളിൽ വലിയൊരു മാറ്റം പ്രകടമാകുന്നതു കാണാം. വിപണി ശക്തികൾക്ക് സാധ്യമായത്രയും സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുമ്പോൾ തന്നെ വ്യക്തി സ്വാതന്ത്ര്യത്തിന് കടിഞ്ഞാണുകളിടാൻ ആരംഭിക്കുന്നു. തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം, വ്യക്തികളുടെ സ്വകാര്യത, ജനാധിപത്യ

മൂല്യങ്ങൾ എന്നിവ ഉദാരവൽക്കരണ സംവാദങ്ങളിൽ നിന്ന് പൂർണ്ണമായും എടുത്തുമാറ്റപ്പെട്ടതും ഇക്കാലയളവിലാണ്. ക്രമസമാധാന സംവിധാനങ്ങൾ ഉപയോഗിച്ച് ജനങ്ങളെ അച്ചടക്കമുള്ളവരാക്കി മാറ്റാനും ജനാധിപത്യാവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെ നിശ്ശബ്ദമാക്കാനും ലോകമെമ്പാടുമുള്ള ഭരണാധികാരികൾ ശ്രമമാരംഭിച്ചതും ഇതേ സമയത്തായിരുന്നു. പുത്തൻ സാമ്പത്തിക ഉദാരവത്കരണ നയങ്ങൾ ലോകത്തിലെ താഴ്ന്നവരുമാനക്കാരായ ജനങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിടുമെന്നും അത് ജനാധിപത്യ ശക്തികളുടെ പ്രതിഷേധത്തിന് കൂടുതൽ കരുത്തു പകരുമെന്ന തിരിച്ചറിവുമാണ് സാമ്പത്തിക ഉദാരവത്കരണത്തിന്റെ വക്താക്കളെ ഭരണകൂടങ്ങളോട് തങ്ങളുടെ മർദ്ദന സംവിധാനങ്ങൾ കർശനമായി ഉപയോഗപ്പെടുത്താൻ ആവശ്യപ്പെടുന്നതിലേക്ക് നയിച്ചത്.

ആഗോളതലത്തിൽ പ്രത്യക്ഷതലത്തിൽ രൂപപ്പെട്ടുകൊണ്ടിരുന്ന സാമ്പത്തിക ഉദാരവത്കരണ നയങ്ങളെ അതേരീതിയിൽ പിന്തുടരാൻ കാൽനൂറ്റാണ്ട് പോലും പിന്നിട്ടിട്ടില്ലാത്ത സ്വതന്ത്ര ഭാരതത്തിന് നിരവധി കടമ്പകൾ കടക്കേണ്ടതുണ്ടായിരുന്നു. നെഹ്റുവിയൻ സോഷ്യലിസ്റ്റ് നയങ്ങളെ പൂർണ്ണമായും തള്ളിക്കളയാനും ഇന്ദിരാഗാന്ധിക്ക് സാധിക്കുമായിരുന്നില്ല. അതേസമയം സാമ്പത്തിക ഉദാരവത്കരണനയങ്ങൾക്ക് അനുരൂപമാകുന്ന തരത്തിലുള്ള സാമ്പത്തിക ചിന്താപദ്ധതികൾ ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ വിതയ്ക്കാൻ അടിയന്തിരാവസ്ഥയിലൂടെ സാധിച്ചു എന്നുള്ളത് തുടർന്നിങ്ങോട്ടുള്ള ഇന്ത്യൻ സാമ്പത്തിക ചരിത്രം പരിശോധിച്ചാൽ മനസിലാകും. ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് അധികാരത്തിലേറിയ രാജീവ്ഗാന്ധി ആഗോള സാമ്പത്തിക പരിഷ്കാരങ്ങൾക്ക് അനുയോജ്യമാം വിധം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പുതുക്കിപ്പണിയുന്നതിന് തയ്യാറായി. നരസിംഹറാവുവും തുടർന്നിങ്ങോട്ടു ഇന്ത്യയുടെ ഭരണസാരഥ്യം കൈയ്യാളിയ മുഴുവൻ സർക്കാരുകളും ഈ സാമ്പത്തിക നയങ്ങളെ മുന്നോട്ടുകൊണ്ടു പോകുന്നതിന് അകമഴിഞ്ഞ് പ്രവർത്തിച്ചു.



ഇന്ത്യയിലെ പോലീസ്-അർദ്ധ സൈനിക വിഭാഗങ്ങളെ കൂടുതൽ ശക്തമാക്കുന്ന നടപടികളും കൂടുതൽ കരുതലോടെ ഇതേസമയം തന്നെയാണ് ആരംഭിക്കുന്നത്. രാജ്യത്തിനകത്ത് ഉയർന്നുകൊണ്ടിരുന്ന പ്രതിഷേധങ്ങളെ നേരിടാൻ അർദ്ധ സൈനിക വിഭാഗങ്ങളെ ഉപയോഗിക്കുന്നതോടൊപ്പം, ഒരു രാജ്യത്തും കാണാത്തവിധം സൈനിക വിഭാഗങ്ങളെയും ഉപയോഗപ്പെടുത്തുകയുണ്ടായി. ഇന്ത്യയിലെ ആണവനിലയങ്ങൾക്കെതിരായ പ്രതിഷേധങ്ങളെ അടിച്ചമർത്താൻ പലപ്പോഴും അത്തരം കേന്ദ്രങ്ങളിൽ സൈനിക വിഭാഗങ്ങളെ വൻതോതിൽ വിന്യസിക്കുക എന്നത് വളരെ സ്വാഭാവികമായ ഒന്നായി മാറിക്ക

ഴിഞ്ഞിരിക്കുന്നു. ആഗോളവൽക്കരണ-ഉദാര വൽക്കരണ നയങ്ങൾ ഇന്ത്യൻ ജീവിത സാഹചര്യങ്ങളിൽ പ്രതികൂലമായി പ്രതിഫലിക്കാൻ തുടങ്ങിയതോടെ അവയ്ക്കെതിരായ പ്രതിഷേധ സ്വരങ്ങളും ശക്തമാകാൻ തുടങ്ങി. എന്നാൽ ആഗോളവൽക്കരണത്തിനെതിരായ ചെറുത്തുനിൽപ്പുകൾക്ക് നേതൃത്വം നൽകുന്നതിൽ ഇന്ത്യയിലെ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളിൽ ഒരേ പോലെ വിമുഖത കാട്ടി. വികസനം, പുരോഗതി, അധികാര കേന്ദ്രീകരണം എന്നിവ സംബന്ധിച്ച ബോദ്ധ്യങ്ങളിൽ ഇന്ത്യയിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കിടയിൽ കാണുന്ന സമാനതകൾ തന്നെയാണ് ഇതിന് പ്രധാന കാരണം. 90കൾക്ക് ശേഷം ഇന്ത്യയിൽ വളർന്നുവന്ന ജനകീയ പ്രക്ഷോഭങ്ങളുടെ നേതൃത്വം ഇന്ത്യയിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കൈകളിൽ നിന്ന് മാറി ജനകീയ കൂട്ടായ്മകളുടെ കൈകളിലേക്ക് സ്വാഭാവികമായ രീതിയിൽ എത്തിച്ചേർന്നതും കേന്ദ്രീകൃത വികസനത്തിനും കേന്ദ്രീകൃത അധികാര വ്യവസ്ഥയ്ക്കും എതിരായ ചെറുത്തുനിൽപ്പുകളുടെ നൈസർഗ്ഗിക വികാസത്തിന്റെ ഭാഗമായിത്തന്നെയായിരുന്നു. ഈ ജനകീയ പ്രസ്ഥാനങ്ങളുടെ വളർച്ചയെയും വികാസത്തെയും കുറച്ചുകൂടി അടുത്തുനിന്ന് പരിശോധിക്കുന്നത് ഭാവി രാഷ്ട്രീയത്തെ മനസിലാക്കുന്നതിന് സഹായകമായിരിക്കും.

> കേന്ദ്രീകൃത ജനാധിപത്യത്തിന്റെ ജനവിരുദ്ധത തന്നെയാണ് ശൈശവം പോലും പിന്നിട്ടിട്ടില്ലാത്ത സ്വതന്ത്ര ഭാരതത്തിൽ അടിയന്തിരാവസ്ഥയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്. ജനാധിപത്യ ഇന്ത്യയിലെ കറുത്ത അധ്യായത്തിൽ നിന്ന് നമുക്ക് മോചിതരാകാൻ കഴിഞ്ഞത് യഥാർത്ഥത്തിൽ ഇന്ത്യയിൽ സുഷുപ്താവസ്ഥയിലായിരുന്ന തൃണമൂൽ പ്രസ്ഥാനങ്ങളുടെ ഉയർത്തെഴുന്നേൽപ്പ് മൂലമായിരുന്നു

▪▪▪▪

ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയിൽ അതിന്റെ ചാലകശക്തിയായി വർത്തിച്ചതിൽ തൃണമൂൽ പ്രസ്ഥാനങ്ങളുടെ പങ്ക് ചില്ലറയല്ല. സ്വതന്ത്ര പൂർവ്വ ഇന്ത്യയിൽ സ്വാതന്ത്ര്യ സമര പ്രക്ഷോഭ കാലത്തുപോലും ഇത്തരം പ്രസ്ഥാനങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിലും രാജ്യത്തിന്റെ വിമോചന പോരാട്ടങ്ങളിലും അദ്വിതീയമായ സ്ഥാനം വഹിച്ചിട്ടുണ്ട്. ജാതിവിരുദ്ധ-മതനവീകരണ പ്രസ്ഥാനങ്ങൾ, രാജഭരണത്തിനെതിരായുള്ള ജനാധിപത്യ പ്രസ്ഥാനങ്ങൾ, സ്വദേശിപ്രസ്ഥാനങ്ങൾ തുടങ്ങി രാജ്യത്തിന്റെ മുക്കിലും മൂലയിലും സ്വതന്ത്ര അസ്തിത്വവുമായി ആയിരക്കണക്കിന് ചെറു മുന്നേറ്റങ്ങൾ ഇന്ത്യയിൽ നടന്നിട്ടുണ്ട്. പൊതുശത്രുവിനെതിരായ യുദ്ധത്തിൽ- വൈദേശിക ഭരണത്തിനെതിരായി-ഈ പ്രസ്ഥാനങ്ങൾ ഒരുമിച്ച് നിന്നിരുന്നുവെങ്കിലും അടിസ്ഥാന ബോദ്ധ്യങ്ങളിൽ, നിലപാടുകളിൽ വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞവയായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിടുകയും ഇന്ത്യ സ്വതന്ത്രമാകുകയും ചെയ്തതോടെ ഈ വൈവിധ്യങ്ങളെ ഉൾക്കൊള്ളുവാൻ ഇന്ത്യൻ ഭരണാധികാരികൾക്ക് സാധിക്കാതെ വന്നു എന്നുവേണം കരുതാൻ. 'അഖണ്ഡ ഭാരതം' എന്ന ഒറ്റ മുദ്രാവാക്യത്തിനു കീഴിൽ ഇന്ത്യയുടെ 'നാനാത്വ'ത്തെ മുഴുവൻ 'ഏകത്വ'ത്തിലേക്ക് വിലയിച്ചു ചേർക്കാൻ ഭരണാധികാരി വർഗ്ഗത്തിനു കഴിഞ്ഞു. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിൽ അവതരിപ്പിക്കപ്പെട്ട 'നെഹ്റുവിയൻ മോഡൽ' വൈവിധ്യങ്ങളെ മുഴുവൻ തള്ളിക്കളയുകയായിരുന്നു. ജനാധിപത്യത്തിന്റെ ആഘോഷങ്ങളിലും സ്വതന്ത്ര പരമാധികാരത്തിന്റെ ഹുങ്കിലും കന്യാകുമാരി മുതൽ കാശ്മീർ വരെ സജീവമായി നിന്നിരുന്ന ജനാധിപത്യത്തിന്റെ ഭിന്നസ്വരങ്ങളെ അവഗണിക്കാൻ നമുക്കുകഴിഞ്ഞു. രാഷ്ട്രീയ പൊതുമണ്ഡലങ്ങളിലെ സംവാദങ്ങൾ നിയന്ത്രിക്കുന്നതിൽ ഭരണ-മേലാള വർഗ്ഗത്തിന് മേൽക്കൈ ലഭിക്കാൻ തുടങ്ങി. എഴുപത് ശതമാനത്തിലധികം വരുന്ന ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ സ്വരമായിരുന്നില്ല പിന്നീട് കേൾക്കാൻ കഴിഞ്ഞത്. നെഹ്റുവിന്റെ ആധുനിക-ഉദാര നയസമീപനങ്ങൾ നഗരജീവിതത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് സഹായകമായിരുന്നുവെങ്കിലും ഇന്ത്യയിലെ ഗ്രാമീണ മേഖലയെ കോളനികളായി പരിവർത്തിപ്പിക്കുന്നതിലേക്ക് നയിക്കുകയാണുണ്ടായത് എന്ന് നമുക്ക് കാണാൻ കഴിയും.

സോവിയറ്റ് വികസന മാതൃകകൾ ഇന്ത്യയുടെ ഭാവിക്കായി കരുതിവെച്ച നെഹ്റു, ഇന്ത്യയുടെ ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ വൈവിധ്യങ്ങളെ അപ്പാടെ തിരസ്കരിക്കുകയാണുണ്ടായത്. കേന്ദ്രീകൃത ആസൂത്രണങ്ങളും വികസന പദ്ധതികളും കേ

ന്ദ്രീകൃത ജനാധിപത്യത്തിന്റെയും അധികാരത്തിന്റെയും ചിഹ്നങ്ങളായി ജനങ്ങളുടെ മുന്നിൽ അവതരിച്ചു. 'രാജ്യപുരോഗതി' എന്ന ഒറ്റ മന്ത്രണത്തിന് മുന്നിൽ എല്ലാ വിമതശബ്ദങ്ങളും നിഷ്പ്രഭമായി. കേന്ദ്രീകൃത ജനാധിപത്യത്തിന്റെ ജനവിരുദ്ധത തന്നെയാണ് ശൈശവം പോലും പിന്നിട്ടിട്ടില്ലാത്ത സ്വതന്ത്ര ഭാരതത്തിൽ അടിയന്തിരാവസ്ഥയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്. ജനാധിപത്യ ഇന്ത്യയിലെ കറുത്ത അധ്യായത്തിൽ നിന്ന് നമുക്ക് മോചിതരാകാൻ കഴിഞ്ഞത് യഥാർത്ഥത്തിൽ ഇന്ത്യയിൽ സുഷുപ്താവസ്ഥയിലായിരുന്ന തൃണമൂൽ പ്രസ്ഥാനങ്ങളുടെ ഉയർത്തെഴുന്നേൽപ്പ് മൂലമായിരുന്നു.

സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിൽ സജീവമായി നിലനിന്നിരുന്ന പല പ്രസ്ഥാനങ്ങളും സ്വാതന്ത്ര്യലബ്ധിക്കുശേഷം അധികാര കേന്ദ്രങ്ങളിൽ നിന്നകന്നുമാറി രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ സജീവമാവുകയും ഗ്രാമീണമേഖലയിൽ അടിസ്ഥാനതല ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുകയും ചെയ്തു. ഇങ്ങിനെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രസ്ഥാനങ്ങൾ പക്ഷേ അഖണ്ഡ ഭാരത സങ്കല്പങ്ങൾ താലോലിക്കുന്നവയായിരുന്നു എന്നത് അവരുടെ ദൗർബല്യങ്ങളായി പിൽക്കാലത്ത് തിരിച്ചറിയപ്പെടുന്നുണ്ട്.

> ബോധ്ഗയ ഭൂസമര പ്രസ്ഥാനത്തിന്റെ നേട്ടമെന്നത് സ്ത്രീകളെ ഈ പ്രക്ഷോഭത്തിന്റെ മുൻനിരയിലേക്ക് എത്തിക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. ഇന്ത്യയിലെ സ്ത്രീകളുടെ അവകാശസമരങ്ങളിൽ ബോധ്ഗയ മൂവ്മെന്റിന് അതുല്യമായ പങ്കാണുള്ളത്. ഒട്ടനവധി പരിമിതികൾ ഈ പ്രക്ഷോഭത്തിന് ഉണ്ടായിരുന്നുവെങ്കിൽ കൂടിയും ഭൂമിക്ക്മേലുള്ള ദളിതന്റെയും സ്ത്രീകളുടെയും അവകാശത്തെ ഉയർത്തിപ്പിടിക്കുന്ന പ്രക്ഷോഭമായി മാറാൻ അതിന് കഴിഞ്ഞു.

ഇന്ത്യൻ ഗ്രാമങ്ങളെ സാംസ്കാരികമായും രാഷ്ട്രീയമായും സാമ്പത്തികമായും വിമോചിതമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്നെ ഒരേ സമയം കേപ്പെട്ടിരിക്കുമ്പോൾ തന്നെ ഒരേ സമയം കേന്ദ്രീകൃത ജനാധിപത്യ വ്യവസ്ഥയോടുള്ള വിധേയത്വം അല്ലെങ്കിൽ സന്ധിചെയ്യൽ ഈ പ്രസ്ഥാനങ്ങളുടെ അടിസ്ഥാന ദൗർബല്യങ്ങളായി പരിഗണിക്കാവുന്നതാണ്. അതേസമയം, ഗ്രാമീണ മേഖലയുടെ ഉയർത്തെഴുന്നേൽപ്പിനായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഇത്തരം പ്രസ്ഥാനങ്ങളുടെ വാദമുഖങ്ങൾ കേന്ദ്രീകൃത ജനാധിപത്യ സംവിധാനങ്ങളെ ഉള്ളടക്കത്തിൽ തന്നെ ചോദ്യംചെയ്യുന്ന ഒന്നായിരുന്നുതാനും. ഈ വൈരുദ്ധ്യങ്ങൾ ഇത്തരം പ്രസ്ഥാനങ്ങളുടെ ജൈവീകമായ വളർച്ചയെ മുരടിപ്പിക്കുന്നതിന് കാരണമായി.

ജനാധിപത്യ കേന്ദ്രീകരണത്തിന്റെ ഫാസിസ്റ്റ് മുഖം അധികം വൈകാതെ തന്നെ മറനീക്കി പുറത്തുവന്നത് ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച അടിയന്തിരാവസ്ഥയോടെയായിരുന്നു. അടിയന്തിരാവസ്ഥയ്ക്കെതിരായ പ്രക്ഷോഭങ്ങളിൽ ജയപ്രകാശ് നാരായണന് തുണയായത് അന്ന് ഇന്ത്യയിലെ ഗ്രാമീണമേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പതിനായിരക്കണക്കിന് വരുന്ന കൊച്ചുകൊച്ചു പ്രസ്ഥാനങ്ങളായിരുന്നു. അടിയന്തിരാവസ്ഥയ്ക്കെതിരായി ഒരുമിച്ച് ചേർന്ന പ്രസ്ഥാനങ്ങൾ പക്ഷേ അതിനുശേഷം രൂപീകൃതമായ അധികാരവ്യവസ്ഥയോടു ചേർന്നുനിൽക്കാൻ വിമുഖത കാട്ടി എന്നതും തങ്ങളുടേതായ അസ്തിത്വം നിലനിർത്തി പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നതും വസ്തുതയാണ്. 70കളുടെ അവസാനത്തിലും 80ളിലും ശക്തമായി നിലനിരുന്ന പല പ്രസ്ഥാനങ്ങളുടെയും സജീവമായ പ്രവർത്തനങ്ങൾ ഇതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. വളരെ സുപ്രധാനമായ ഒരു ഉദാഹരണം ഇവിടെ എടുത്തു പറയേണ്ടത് അനിവാര്യമാണ് എന്ന് തോന്നുന്നു.

1978ൽ ബീഹാറിലെ ഗയ ജില്ലയിൽ ബോധ്ഗയ ഗ്രാമത്തിൽ ആരംഭിച്ച ഭൂസമര പ്രസ്ഥാനം ഭൂമിയുടെ അവകാശത്തെ സംബന്ധിച്ച വലിയൊരു സംവാദത്തിന് കാരണമായി. ഭൂമിയുടെ അവകാശം ഉയർന്ന ജാതിയിൽപ്പെട്ട വൻകിട ജൻമിമാർ മാത്രമായി കൈകാര്യം ചെയ്തിരുന്ന ബീഹാറിൽ ആരംഭിച്ച ഈ പ്രസ്ഥാനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. യുവ ഛാത്ര് സംഘർഷ് വാഹിനി എന്ന സംഘടനയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭൂസമരം ദളിത്-കർഷകത്തൊഴിലാളികളുടെ ഭൂമിക്ക് മേലുള്ള അവകാശത്തോടൊപ്പം തന്നെ മറ്റൊരു സുപ്രധാന പ്രശ്നം കൂടി ഉയർത്തിക്കൊണ്ടു വന്നു. നാളതുവരെ സമൂഹത്തിന്റെ ചർച്ചയ്ക്ക് വിഷയമാകാതിരുന്ന ഭൂമിക്ക് മേ

ലുള്ള സ്ത്രീകളുടെ അവകാശം സംബന്ധിച്ചായിരുന്നു അത്. ബോധ്ഗയ ഭൂസമര പ്രസ്ഥാനത്തിന്റെ നേട്ടമെന്നത് സ്ത്രീകളെ ഈ പ്രക്ഷോഭത്തിന്റെ മുൻനിരയിലേക്ക് എത്തിക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. ഇന്ത്യയിലെ സ്ത്രീകളുടെ അവകാശസമരങ്ങളിൽ ബോധ്ഗയ മൂവ്മെന്റിന് അതുല്യമായ പങ്കാണുള്ളത്. ഒട്ടനവധി പരിമിതികൾ ഈ പ്രക്ഷോഭത്തിന് ഉണ്ടായിരുന്നുവെങ്കിൽ കൂടിയും ഭൂമിക്ക്മേലുള്ള ദളിതന്റെയും സ്ത്രീകളുടെയും അവകാശത്തെ ഉയർത്തിപ്പിടിക്കുന്ന പ്രക്ഷോഭമായി മാറാൻ അതിന് കഴിഞ്ഞു. രാഷ്ട്രീയ പാർട്ടികളിൽ നിന്ന വ്യത്യസ്തമായ ഒരസ്തിത്വം കാത്തുസൂക്ഷിച്ചുകൊണ്ട് അടിസ്ഥാനതല ജനാധിപത്യത്തിനും ഭൂമിയുടെ മേലുള്ള അവകാശത്തിനും വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ നാളുകളിൽ നിരവധി പ്രക്ഷോഭങ്ങൾ പിറവിയെടുക്കുകയുണ്ടായി.

ജനാധിപത്യാവകാശങ്ങൾ നേടിയെടുക്കുവാനും ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ എല്ലായ്പോഴും അഹിംസാത്മക വഴികളിലൂടെയായിരുന്നു എന്ന് വിലയിരുത്തുന്നത് തെറ്റായിരിക്കും. അല്ലെങ്കിൽ അത് ചരിത്രത്തിന്റെ വികല വായനയോ സാമൂഹ്യചലനനിയമങ്ങളെ സംബന്ധിച്ച തെറ്റായ വിലയിരുത്തലിൽ നിന്ന് ഉറവെടുത്തതോ ആയിരിക്കും. ജനാധിപത്യാവകാശങ്ങൾ നേടിയെടുക്കുന്നുതിനുള്ള പല സമരങ്ങളും അക്രമോത്സുകമായിരുന്നു എന്നതും ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന പല സ്വാതന്ത്ര്യങ്ങളുടെയും പിന്നിൽ ഇത്തരം സമരങ്ങളുടെയും സമർപ്പണങ്ങളുടെയും ഘടകങ്ങൾ അടങ്ങിയിട്ടുണ്ട് എന്നതും വസ്തുതയാണ്. എന്നാൽ അഭിലഷണീയമായ ഒരു സാമൂഹ്യ വിപ്ലവ മാതൃക എന്ന നിലയിൽ ഹിംസാത്മക സമരങ്ങളെ മഹത്വവൽക്കരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല എന്നതുകൊണ്ടുതന്നെ അത്തരം പ്രസ്ഥാനങ്ങളുടെ ഇടപെടലിനെക്കുറിച്ച് ഈ ലേഖനത്തിൽ വിശദീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

### വികസനത്തിന്റെ ബലിയാടുകൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അവതരിപ്പിക്കപ്പെട്ട വികസന മാതൃകകൾ കേന്ദ്രീകൃത ജനാധിപത്യവ്യവസ്ഥയ്ക്ക് അനുരൂപമായവയായിരുന്നുവെന്നു മാത്രമല്ല, ഇന്ത്യൻ ഗ്രാമങ്ങളുടെ കോളനിവൽക്കരണത്തിന് ആക്കം കൂട്ടുന്ന നടപടിയുമായിരുന്നു. ഒരുനൂറ്റാണ്ടിലധികം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കോളനിയായി നിലനിന്നിരുന്ന ഇന്ത്യ, സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷുകാർ ഉപേക്ഷിച്ചുപോയ വികസന സംസ്കാരത്തെ പുൽകുക വഴി ഇന്ത്യൻ നഗരങ്ങളുടെ കോളനികളും ചവറ്റുകുട്ടയുമായി ഗ്രാമങ്ങളെ കൊണ്ടുചെന്നെത്തിച്ചു. വൻകിട അണക്കെട്ടുകൾ, ഊർജ്ജോത്പാദന സംവിധാനങ്ങൾ, കാർഷിക പരീക്ഷണങ്ങൾ, വ്യാവസായിക ഉത്പാദന കേന്ദ്രങ്ങൾ എന്നിവയൊക്കെയും മേൽചൊന്ന കോളനിവൽക്കരണത്തിന്റെ ഇത്തമ ഉദാഹരണങ്ങളായി മാറി. സ്വാതന്ത്ര്യത്തിന്റെ ആറരപ്പതിറ്റാണ്ടിന് ശേഷവും ഇന്ത്യയിലെ ഏറെക്കുറെ പകുതിയിലധികം ഗ്രാമങ്ങളും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ കഴിയേണ്ടിവരുന്നതും തൊഴിലിനും കൂലിക്കൂടുതലിനും വേണ്ടി നഗരങ്ങളിലേക്ക് കുടിയേറിക്കൊണ്ടിരിക്കുന്നതും ഈയൊരു കോളനിവൽക്കരണത്തിന്റെ അനിവാര്യമായ പരിണതഫലങ്ങളാണ്. അനിയന്ത്രിതമായ തോതിലുള്ള നഗരവൽക്കരണവും നഗരങ്ങളിലേക്കുള്ള വിഭവങ്ങളുടെ കുത്തൊഴുക്കും ഗ്രാമീണമേഖലയെ പാരിസ്ഥിതികമായും സാമൂഹികമായും സാംസ്കാരികമായും തകർത്തുകൊണ്ടിരിക്കുന്നത് പ്രത്യക്ഷതലത്തിൽ അനുഭവവേദ്യമാകാൻ തുടങ്ങിയതോടെ അതിനെതിരായുള്ള ചെറുത്തുനിൽപ്പുകളും ഇന്ത്യയിൽ ആരംഭിക്കാൻ തുടങ്ങി. വൻകിട വികസന പദ്ധതികൾക്കായി കുടിയൊഴിയേണ്ടിവന്ന കർഷകരും ആദിവാസികളും അടങ്ങുന്ന വലിയൊരു ജനവിഭാഗങ്ങളുടെ നാവായി ചെറുപ്രസ്ഥാനങ്ങൾ പ്രവർത്തിക്കാൻ ആരംഭിച്ചു. ഇന്ത്യയിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ചർച്ച ചെയ്യാൻ പോലും മടിച്ചുനിൽക്കുന്ന പല വിഷയങ്ങളും അവർ ഉന്നയിക്കാൻ തുടങ്ങി. പാരിസ്ഥിതിക പ്രശ്നങ്ങൾക്കപ്പുറം ലിംഗസമത്വം, മനുഷ്യാവകാശം തുടങ്ങി നിരവധി മേഖലകളിൽ പൊതുധാരയിൽ നിന്ന് ഭിന്നമായ സ്വരങ്ങൾ ഉയർത്താൻ തൃണമൂൽ പ്രസ്ഥാനങ്ങൾക്ക് സാധിച്ചു എന്നത് വസ്തുതയാണ്.

### തൃണമൂൽ പ്രസ്ഥാനങ്ങൾ: വളർച്ചയും സ്വഭാവവും

അടിസ്ഥാനതലത്തിൽ ജനങ്ങളുമായി ഇടപഴകി അവരുടെ ദൈനംദിന ജീവിതവിഷയങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്ന ചെറുചെറു പ്രസ്ഥാനങ്ങളെയാണ് തൃണമൂൽ പ്രസ്ഥാനങ്ങൾ (grassroot movements) എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അരാഷ്ട്രീയ എൻ.ജി.ഓകളിൽ നിന്നും മറ്റ് കാരുണ്യ-ക്ഷേമ പ്രവർത്തന സംഘടനകളിൽ നിന്നും തികച്ചും വ്യതിരിക്തമായ ഒരു രാഷ്ട്രീയ അ

സ്തിത്വം ഇത്തരം സംഘടനകൾക്കുണ്ട്. ഗാന്ധിയൻ സംഘടനകൾ, പാർട്ടിചട്ടക്കൂടുകളിൽ നിന്നകന്നുമാറി പ്രവർത്തിക്കുന്ന കമ്യൂണിസ്റ്റാശയങ്ങളിൽ ആകൃഷ്ടരായ സംഘടനകൾ, പരിസ്ഥിതി-മനുഷ്യാവകാശ സംഘടനകൾ, ആദിവാസി-ദളിത് സംഘടനകൾ, സ്ത്രീകളുടെയും ലൈംഗിക ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നവർ തുടങ്ങി നിരവധി മേഖലകളിൽ പ്രവർത്തിക്കുന്ന ഇത്തരം തൃണമൂൽ സംഘടനകൾക്ക് തെരെഞ്ഞെടുപ്പ് രാഷ്ട്രീയത്തിന് പുറത്ത് സ്വന്തമായി ഒരിടം ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്. സ്ഥാപനവത്കൃതമായ രാഷ്ട്രീയ മണ്ഡലത്തിന്റെ അപചയങ്ങളിൽ നിന്നും പരാജയങ്ങളിൽ നിന്നുമാണ് ഇത്തരം സംഘടനകൾ ശക്തിയാർജ്ജിച്ചത് എന്നുപറയാം. ഒരൊറ്റ രാഷ്ട്രീയാദർശമോ നേതൃത്വമോ ഇത്തരം പ്രസ്ഥാനങ്ങൾ പങ്കുവെക്കുന്നില്ലെങ്കിലും പല വിഷയങ്ങളിലും യോജിച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ഇത്തരം സംഘടനകൾക്ക് സാധിച്ചിട്ടുണ്ട് എന്നത് കഴിഞ്ഞ ദശാബ്ദങ്ങളിലെ അനുഭവങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിക്കും.



വൻകിട അണക്കെട്ടുകൾക്കെതിരായ സമരങ്ങളിലായാലും ആണവോർജ്ജത്തിനെതിരായുള്ള പ്രക്ഷോഭപ്രവർത്തനങ്ങളിലായാലും വികസനത്തിന്റെ ഇരകളായി മാറ്റപ്പെടുന്ന പാർശ്വവത്കൃതജനങ്ങളുടെ കൂടെ നിൽക്കാൻ ഇത്തരം സംഘടനകൾക്ക് സാധിച്ചിട്ടുണ്ട് എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. നിലനിൽക്കുന്ന വികസനത്തിന്റെ രാഷ്ട്രീയം തിരിച്ചറിഞ്ഞുകൊണ്ട് അവയ്ക്കെതിരായ പ്രക്ഷോഭങ്ങൾ ശക്തമാക്കുന്നതിലും മുഖ്യധാരയിലേക്ക് അത്തരം വിഷയങ്ങൾ എത്തിക്കുന്നതിനും ഈ സംഘടനകൾക്ക് സാധിക്കുന്നുണ്ട്. പാർലമെന്റിനകത്ത് നേരിട്ട് ഒരു ശബ്ദവും എത്തിക്കാൻ കഴിയാത്ത കൊച്ചു കൊച്ചു സംഘടനകളുടെ പ്രവർത്തനഫലമായി നിരവധി നിയമനിർമ്മാണങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. വിവരാവകാശ നിയമം മുതൽ തടവുകാരുടെ മനുഷ്യാവകാശ വിഷയങ്ങൾ വരെ, പല പല പരിസ്ഥിതി നിയമങ്ങൾ തൊട്ട് ഭൂവിനിയോഗ നിയമങ്ങൾ അടക്കമുള്ള പല നിയമനിർമ്മാണങ്ങളുടെയും പിന്നിൽ രാജ്യത്തെമ്പാടുമായി പ്രവർത്തിക്കുന്ന നിരവധി ചെറുപ്രസ്ഥാനങ്ങളുടെ നിരന്തരമായ ഇടപെടലുകളുണ്ട് എന്ന് ഉറപ്പിച്ചുപറയാൻ സാധിക്കും.

**ആഗോളവത്കരണ നയങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾ**

ആഗോളവത്കരണ-ഉദാരീകരണ-സ്വകാര്യ

⇨ *അനിയന്ത്രിതമായ വ്യവസായവൽക്കരണം അവരുടെ മണ്ണ്, വെള്ളം, വായു എന്നിവ തീർത്തും മലിനീകരിച്ചു* ⇨

വത്കരണ നയങ്ങൾ ഇന്ത്യയുടെ സാമ്പത്തിക ഘടനയിൽ വൻതോതിലുള്ള മാറ്റങ്ങൾ വരുത്തിയപ്പോൾ വളരെ വൈകാതെ തന്നെ സമൂഹത്തിന്റെ അടിത്തട്ടിലുള്ള സാമാന്യജനങ്ങളെ അത് പ്രതികൂലമായി ബാധിക്കാൻ തുടങ്ങി. നഗരങ്ങളിലെ ഭൗതിക സുഖ സൗകര്യങ്ങൾ വൻതോതിൽ വർദ്ധിച്ചപ്പോൾ അതിനാവശ്യമായ മുഴുവൻ വിഭവങ്ങളും കണ്ടെത്തിയത് ഗ്രാമീണ മേഖലയിൽ നിന്നായിരുന്നു. സമൂഹത്തിൽ അന്നുവരെ നിലനിന്നിരുന്ന അസമത്വത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന് ഇത് കാരണമായി. അതോടൊപ്പം തന്നെ വിഭവശോഷണം എന്ന വിഷയവും ഉയർന്നുവരികയുണ്ടായി. വൻകിട പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കു ആവശ്യമായ പ്രകൃതിവിഭവങ്ങൾ വിവേചനരഹിതമായി ചൂഷണം ചെയ്യാൻ തുടങ്ങിയപ്പോൾ ഗ്രാമീണമേഖലയിലെ ജനജീവിതം ദുസ്സഹമാകാൻ തുടങ്ങി. അവരുടെ ജീവനോപാധികൾ നഷ്ടപ്പെട്ടു. അനിയന്ത്രിതമായ വ്യവസായവൽക്കരണം അവരുടെ മണ്ണ്, വെള്ളം, വായു എന്നിവ തീർത്തും മലിനീകരിച്ചു. അതോടൊപ്പം തന്നെ വൻതോതിലുള്ള കുടിയൊഴിപ്പിക്കലും നടക്കുകയുണ്ടായി. ജനങ്ങളെ സമ്പത്തികമായും രാഷ്ട്രീയപരമായും സാംസ്കാരികമായും വിഭജിക്കുന്നതിലേക്കായിരുന്നു ആഗോളവൽക്കരണ നയങ്ങൾ നയിച്ചത്.

> കേന്ദ്രീകൃത വികസന മാതൃകകൾ അതിന്റെ അന്തസ്സത്തയിൽ തന്നെ കേന്ദ്രീകൃത അധികാരത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന വസ്തുത കൂടുതൽ തെളിമയോടെ നമ്മുടെ മുന്നിൽ അവതരിക്കുന്നുണ്ട്. കേന്ദ്രീകൃത അധികാര വ്യവസ്ഥയും വികേന്ദ്രീകൃത ജനാധിപത്യവും തമ്മിലുള്ള അനിവാര്യ സംഘർഷമാണ് ഇതിലൂടെ പ്രകടമായിക്കൊണ്ടിരിക്കുന്നത്.

ആഗോളവത്കരണ സാമ്പത്തിക നയങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തുന്നതിലും അതിനെതിരായ വ്യക്തമായ വിമർശങ്ങൾ മുന്നോട്ടുവെക്കുന്നതിലും മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ എല്ലാം തന്നെ പരാജയപ്പെട്ടു. ആഗോളവൽക്കരണ നയങ്ങൾക്കെതിരായി വ്യവസ്ഥാപിത ഇടതുപക്ഷം നയിച്ച പോരാട്ടങ്ങൾക്കൊന്നിനും യാതൊരു പ്രതിഫലനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിന്റെ അടിസ്ഥാന കാരണം, നിലനിൽക്കുന്ന വികസന മാതൃകകളോട് അവർക്ക് അടിസ്ഥാനപരമായ വിയോജിപ്പുകൾ ഉണ്ടായിരുന്നില്ല എന്നതാണ്. ആഗോളവൽക്കരണ-ഉദാരീകരണ നയങ്ങളെ ചെറുക്കുന്നതിൽ തൃണമൂൽ പ്രസ്ഥാനങ്ങൾ വലിയ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു. ആരംഭകാലം തൊട്ടുതന്നെ ഇത്തരം പ്രസ്ഥാനങ്ങൾ ഉന്നയിച്ച പല ആരോപണങ്ങളും പൂർണ്ണമായും ശരിയാണെന്ന് പിൽക്കാലത്ത് വിലയിരുത്തപ്പെടുകയുണ്ടായി. ആഗോളവൽക്കരണാനന്തര കാലഘട്ടത്തിൽ ഇന്ത്യയിൽ മാത്രമല്ല, ലോകത്തെമ്പാടും ഉയർന്നുകൊണ്ടിരിക്കുന്ന ജനകീയ പ്രതിഷേധങ്ങൾ വ്യവസ്ഥാപിത ചട്ടക്കൂടുകളിൽ നിന്ന് മാറിനിന്നുകൊണ്ടുള്ള ജനകീയ മുന്നേറ്റങ്ങളായി മാറുന്നതിന് പിന്നിലെ യഥാർത്ഥ രാഷ്ട്രീയം വൻതോതിലുള്ള സംവാദങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമാക്കേണ്ടതുണ്ട്.

....

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടുതൽ കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്ന വികസന മാതൃകകൾക്കെതിരായുള്ള എതിർപ്പുകളാണ് ആത്യന്തികമായി ഇന്നുനടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളുടെ കാതൽ. കേന്ദ്രീകൃത വികസന മാതൃകകൾ അതിന്റെ അന്തസ്സത്തയിൽ തന്നെ കേന്ദ്രീകൃത അധികാരത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന വസ്തുത കൂടുതൽ കൂടുതൽ തെളിമയോടെ നമ്മുടെ മുന്നിൽ അവതരിക്കുന്നുണ്ട്. കേന്ദ്രീകൃത അധികാര വ്യവസ്ഥയും വികേന്ദ്രീകൃത ജനാധിപത്യവും തമ്മിലുള്ള അനിവാര്യമായ സംഘർഷമാണ് ഇതിലൂടെ പ്രകടമായിക്കൊണ്ടിരിക്കുന്നത്. ലോകത്തിന്റെ തന്നെ ഭാവി നിർണ്ണയിക്കുന്ന വിധത്തിൽ സുപ്രധാന റോളിലേക്ക് ചെറു-തൃണമൂൽ പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നതിന് പിന്നിലെ രാഷ്ട്രീയവും അത്തരത്തിൽ വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഭരണകൂട ഹിംസയും തിരിച്ചറിയേണ്ടത് ഈ ഘട്ടത്തിൽ അനിവാര്യമായ സംഗതിയാണ്. ■


**ലൗ ഫെസ്റ്റോ 2015**

**പ്രണയം, പ്രകൃതി, പ്രതിരോധം**

2015 ഫെബ്രുവരി 7 - 8
അങ്കമാലി പ്രസിഡൻസി ക്ലബ്
പീപ്പിൾ എഗയ്ൻസ്റ്റ് ഫാസിസം, യൂത്ത് ഡയലോഗ്
ബന്ധങ്ങൾക്ക്: 9746028613